ചെയർമാനായ ഞാൻ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ചെക്ക്പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

4. ഹർജികൾ സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. മോൻസ് ജോസഫ് : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ

ശ്രീ. ജോസ് തെറ്റയിൽ : സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : കാര്യോപദേശക സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII പ്രത്യേക പരാമർശം

അവകാശലംഘന നോട്ടീസിനുള്ള അവതരണാനുമതി

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കഴിഞ്ഞ ദിവസം റൂൾ 155 പ്രകാരം സെക്രട്ടറിക്ക് ഒരു കത്ത് നൽകുകയും റൂൾ 157 പ്രകാരം ഒരു പ്രിവിലേജ് പ്രശ്നം സഭയിൽ ഉന്നയിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ഒന്നാം തീയതിയിലെ 115-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്

LIBRARY ARCHIVES Kerala Legislative Assembly

മറുപടിയായി നൽകിയിരിക്കുന്നത്. ഇത് വസ്തുതാവിരുദ്ധമാണ്, ഇത് ടെക്നിക്കൽ എററല്ല. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നൊരു മറുപടിയായാണ് നൽകിയിരിക്കുന്നത്. കേരളത്തിലെ ഹയർസെക്കന്ററി സ്കൂളിൽ 40 ശതമാനത്തോളം പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. സംസ്കൃതം, സാഹിത്യം, ശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (കൊമേഴ്സ്), കമ്പ്യൂട്ടർ സയൻസ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഫിലോസഫി എന്നീ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തുനൽകിയിട്ടില്ല. 40 ശതമാനത്തോളം വിദ്യാർത്ഥികൾക്ക് മാത്രം പാഠപുസ്തകം അച്ചടിച്ച് നൽകുകയും 60 ശതമാനത്തോളം വിദ്യാർത്ഥികൾക്ക് പല വിഷയങ്ങളിൽ പുസ്തകം അച്ചടിച്ച് നൽകാതിരിക്കുകയും ചെയ്ത സാഹചര്യമുണ്ടായിട്ടും സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട്, എല്ലാ അച്ചടിയും പൂർത്തീകരിച്ച് വിതരണം നടത്തിയിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നത് ഗുരുതരമായൊരു പ്രിവിലേജ് ഇഷ്യൂവാണ്. അത് ഇവിടെ അവതരിപ്പിക്കുന്നതിനുള്ള അനുമതി ബഹുമാനപ്പെട്ട സ്പീക്കർ നൽകണം. മാത്രവുമല്ല, ചർച്ച ചെയ്യേണ്ട വിഷയവും കൂടിയാണിത്. ചട്ടം 157 പ്രകാരമാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ</u> : ബഹുമാനപ്പെട്ട ചെയർ, ഇത് അനുവദിക്കുമെങ്കിൽ 157 ചട്ടം അനുസരിച്ച് പറയുന്നുണ്ട്....

<u>മി. സ്പീക്കർ</u> : പ്ലീസ്.....പ്ലീസ്..... ചെയർ ഒരു കാര്യം പറഞ്ഞോട്ടെ. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ അവകാശലംഘനത്തിനാണ് നോട്ടീസ് നൽകിയിരിക്കുന്നത്. നിയമസഭയിൽ അവകാശലംഘന നോട്ടീസിന് ഒരു നടപടി ക്രമമുണ്ട്. ഒരു മന്ത്രി, സഭയിൽ തെറ്റായൊരു ഉത്തരമാണ് നൽകിയതെങ്കിൽ മന്ത്രിക്ക് ആ തെറ്റ് തിരുത്തുവാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്. അതിന് സമയം കൊടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരം കിട്ടിയതിനുശേഷം മാത്രമേ അതിനെസംബന്ധിച്ച് ചെയറിനൊരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ശ്രീ. വി. എസ്. സുനിൽകുമാറിന് ഈ വിഷയം ഉന്നയിക്കാൻ അനുമതി നിഷേധിക്കുന്നു. ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ നോട്ടീസ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അയച്ചുകൊടുക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ചട്ടം 157(3) അനുസരിച്ച് "അനുമതിനൽകുന്നതിനോട് എതിർപ്പ് പ്രകടിപ്പിക്കുന്നപക്ഷം, അനുമതി നൽകുന്നതിന് അനുകൂലിക്കുന്ന അംഗങ്ങൾ തൽസ്ഥാനങ്ങളിൽ എഴുന്നേറ്റ് നിൽക്കാൻ സ്പീക്കർ ആവശ്യപ്പെടേണ്ടതും പതിനഞ്ചിൽ കുറയാതെയുള്ള അംഗങ്ങൾ അതനുസരിച്ച് എഴുന്നേൽക്കുകയാണെങ്കിൽ അനുമതി നൽകിയിരിക്കുന്നതായി അദ്ദേഹം അറിയിക്കേണ്ടതുമാണ്."

മി. സ്പീക്കർ : ചെയർ പറഞ്ഞത് ശ്രീ. വി. എസ്. സുനിൽ കുമാർ ശ്രദ്ധിച്ചില്ല. ചെയർ പറഞ്ഞത് ഉത്തരത്തിൽ വന്ന തെറ്റ് തിരുത്താനുള്ള അവസരം മന്ത്രിക്ക് കൊടുക്കണം. അങ്ങ് ഇന്നലെ വൈകുന്നേരം എഴുതിത്തന്നത് ചെയർ ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുക്കാൻ പോകുന്നതേയുള്ളൂ. മന്ത്രിക്ക് ഇതുവരെ കിട്ടിയിട്ടില്ലാത്ത വിഷയത്തെ സംബന്ധിച്ചാണ് അങ്ങ് പറയുന്നത്. അതുകൊണ്ട് മന്ത്രിക്ക് അവസരം കൊടുക്കണം. ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് ശക്തർ ആന്റ് കൗൾ പേജ് 305 പരിശോധിച്ചതിനുശേഷം പറയണം. ഇതുസംബന്ധിച്ച് ചെയർ റൂളിംഗ് നൽകിക്കഴിഞ്ഞു.....ബഹളം.....

(അവകാശലംഘന നോട്ടീസ് അവതരിപ്പിക്കാൻ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

IX ധനകാര്യം

2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മൃഗസംരക്ഷണമെന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-16 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. .....(ബഹളം).....